**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 5497/AC B5-2/2020/AC B 5 തീയതി: 08.10.2020

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- യു.ജി.സി.റഗുലേഷൻസ് 2018 - കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം - സ്ക്രീനിംഗ് / സെലക്ഷൻ കമ്മിറ്റി അംഗങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന :- 1. 19.10.2019 ലെ 5020/ACL/2019/MGU നമ്പർ സർവ്വകലാശാല ഉത്തരവ്.
2. 10.01.2020 ലെ 141/AC L/2020/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ്.
3. 10.01.2020 ലെ 150/AC L/2020/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ്

യു.ജി.സി.റഗുലേഷൻസ് 2018, 18.07.2018 മുതൽ നിലവിൽ വന്നിട്ടുണ്ട്.അതിൻ പ്രകാരം എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റത്തിനായി കോളേജുകളിൽ രൂപീകരിക്കേണ്ട സ്ക്രീനിംഗ്/ സെലക്ഷൻ കമ്മിറ്റി അംഗങ്ങൾക്കും അദ്ധ്യാപകർക്കും ഉള്ള പൊതുവായ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

<u>1. 18.07.2018 മുതൽ സ്ഥാനക്കയറ്റത്തിന് അർഹത നേടിയിട്ടുള്ള അദ്ധ്യാപകർക്ക്:</u>

a ) യു.ജി.സി.റഗുലേഷൻസ് 2018 Option A പ്രകാരം ശുപാർശകൾ സമർപ്പിക്കാം.

അല്ലെങ്കിൽ

b) ടി തീയതി മുതൽ മൂന്ന് വർഷത്തേക്ക് കൂടി യു.ജി.സി.റഗുലേഷൻസ് 2010 പ്രകാരം നടപടി ക്രമങ്ങൾ പൂർത്തിയാക്കാവുന്നതാണ്.(യു.ജി.സി.റഗുലേഷൻസ് 2010 IVth Amendment)

<u>2. 18.07.2018 ന് മുൻപ് സ്ഥാനക്കയറ്റത്തിന് അർഹത നേടിയിട്ടുള്ള അദ്ധ്യാപകർക്ക് (31.12.2019 വരെ യു.ജി.സി.റഗുലേഷൻസ് 2010 അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കാത്തവർക്ക്):</u>

a ) യു.ജി.സി.റഗുലേഷൻസ് 2018 Option A പ്രകാരം ശുപാരശകൾ സമർപ്പിക്കാം. (2018 സെക്ഷൻ 6.3 VII)

അല്ലെങ്കിൽ

b) യു.ജി.സി.റഗുലേഷൻസ് 2018 Option B പ്രകാരം ശുപാരശകൾ സമർപ്പിക്കാം.

<u>3. 18.07.2018 ന് മുൻപ് പ്ലേസ്മെന്റിന് അർഹത നേടിയിട്ടുള്ള അദ്ധ്യാപകർക്ക് (31.12.2019 വരെ യു.ജി.സി. റെഗുലേഷൻസ് 2010 അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കിയവർക്ക്):</u>

a). 26.03.2019ലെ യു.ഓ.നമ്പർ.1192/AC B 5/2019/എം.ജി.യു അനുസരിച്ച് 23.02.2016 വരെയുള്ള സ്ഥാനക്കയറ്റങ്ങൾക്ക് യു.ജി.സി. റെഗുലേഷൻ സ് 2018 Option B പ്രകാരം ശുപാർശകൾ സമർപ്പിക്കാം.അല്ലെങ്കിൽ യു.ജി.സി. റെഗുലേഷൻസ് 1998 അനുസരിച്ച് സ്വയം വിലയിരുത്തൽ റിപ്പോർട്ടുകൾ

Draft #2 of File 5497/AC B5-2/2020/AC B 5 Approved by Registrar on 08-Oct-2020 11:27 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പ്രകാരം ശുപാർശകൾ സമർപ്പിക്കാം.

b). 23.02.2016 മുതൽ 17.07.2018 വരെ സ്ഥാനക്കയറ്റത്തിന് അർഹരായവർക്ക് യു.ജി.സി. റെഗുലേഷൻസ് 2018 Option B പ്രകാരം ശുപാർശകൾ സമർപ്പിക്കാം.

4. മേൽ പരാമർശിച്ച പ്രൊഫോർമകൾ (യു.ജി.സി. റെഗുലേഷൻസ് 2018 Option A ,യു.ജി.സി. റെഗുലേഷൻസ് 2018 Option B , യു.ജി.സി. റെഗുലേഷൻസ് 2010 IVth amendment സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് .

5. PBAS പ്രൊഫോർമയും Self Appraisal പ്രൊഫോർമയും തയ്യാറാക്കേണ്ടത് അക്കാദമിക് വർഷമനുസരിച്ചാണ് .(ജൂൺ 1 മുതൽ മെയ് 31 വരെ ).

6. വിഷയവിദഗ്ദ്ധർ അദ്ധ്യാപകരുടെ പി.ബി.എ.എസ് പ്രൊഫോർമ വളരെ ശ്രദ്ധാപൂർവം പരിശോധിക്കേണ്ടതാണ്. സർവ്വകലാശാല തയ്യാറാക്കിയിട്ടുള്ള സ്കോർ ഷീറ്റ് നോക്കി യോഗ്യതയുള്ള സ്കോർ ആണ് അദ്ധ്യാപകർ ക്ലെയിം ചെയ്തിട്ടുള്ളത് എന്ന ഉറപ്പ് വരുത്തേണ്ടതാണ്. ഓരോന്നിനും ആവശ്യമായ രേഖകൾ അദ്ധ്യാപകർ സ്ക്രീനിംഗ് കമ്മിറ്റി മുന്പാകെ സമർപ്പിക്കേണ്ടതാണ് . (ഉദാ: സർട്ടിഫിക്കറ്റ് , ടെക്സ്റ്റ് ബുക്ക് ,ലക്ചർ നോട്ട് , സർവ്വകലാശാല ഉത്തരവുകൾ, സർവീസ് ബുക്ക് മുതലായവ )ഏതെങ്കിലും പരീക്ഷാ ഡ്യൂട്ടി സംബന്ധിച്ചോ , കമ്മിറ്റികളിലെ അംഗത്വം സംബന്ധിച്ചോ സംശയമുള്ള പക്ഷം പ്രിൻസിപ്പാളിൽ നിന്നോ , വകുപ്പ് മേധാവിയിൽ നിന്നോ വിശദീകരണം നേടാവുന്നതും ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ വയ്ക്കാവുന്നതുമാണ് .

7. ഏതെങ്കിലും സർട്ടിഫിക്കറ്റ് നൽകുവാൻ മേലധികാരികൾ വിസമ്മതിക്കുന്ന പക്ഷം അദ്ധ്യാപകന്റെ സത്യവാങ്മൂലം എഴുതി വാങ്ങി കോളേജ് അധികാരി ഒപ്പ് വച്ച് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

8. യു.ജി.സി.റഗുലേഷൻസ് 2010 IVth Amendement പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുന്നവർ കാറ്റഗറി 1 , കാറ്റഗറി 2 ,കാറ്റഗറി 3 എന്നിവയ്ക്ക് അസ്സെസ്സ്മെന്റ് പീരിയഡിലെ എല്ലാ വർഷവും തിരിച്ച് (അക്കാദമിക വർഷം തിരിച്ച് ) പ്രൊപ്പോസൽ തയ്യാറാക്കേണ്ടതാണ് . ഇപ്രകാരം ചെയ്യുമ്പോൾ ഒരു വർഷത്തിൽ താഴെയുള്ള കാലഘട്ടം വരുന്ന പക്ഷം പ്രസ്തുത അക്കാദമിക വർഷത്തിൽ ആനുപാതികമായ സ്കോർ മാത്രം മതിയാവും . ഒരു മാസത്തിൽ താഴെ കാലഘട്ടം അവസാനം വന്നാൽ മുൻ അക്കാദമിക് വർഷത്തിൽ ചേർത്ത് എഴുതാവുന്നതാണ് . അതുപോലെ തന്നെ പ്രസവാവധി , ഡെപ്യൂട്ടേഷൻ എന്നിവ കടന്നുവരുന്ന കാലയളവിലും ആനുപാതികമായ സ്കോർ ഉണ്ടെങ്കിൽ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുവാൻ നിർദ്ദേശിക്കാവുന്നതാണ് . കമ്യൂട്ടഡ് ലീവ് , മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഉള്ള ശൂന്യ വേതനാവധി എന്നിവയുള്ള വർഷങ്ങളിൽ തങ്ങൾക്ക് അലോട്ട് ചെയ്ത മുഴുവൻ ജോലികളും ആ വർഷം സ്പെഷ്യൽ ക്ളാസ്സ് വഴി പൂർത്തിയാക്കിയെന്ന മേലധികാരികളുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുഴുവൻ സ്കോറും നൽകാവുന്നതാണ്.

9.യു.ജി.സി. റഗുലേഷൻസ് 2018 Option B പ്രകാരം ശുപാർശകൾ സമർപ്പിക്കുന്നവർക്ക് കാറ്റഗറി II ,കാറ്റഗറി III എന്നിവയ്ക്ക് പ്രത്യേകമായി മിനിമം സ്കോർ വേണം എന്ന് യു.ജി.സി. നിഷ്കർഷിക്കുന്നില്ല .

10. അദ്ധ്യാപകൻ ക്ലെയിം ചെയ്ത സ്കോർ സൂക്ഷ്മമായി പരിശോധിച്ചശേഷം (ഓരോ വിഭാഗത്തിലും ഉപവിഭാഗത്തിലും പരമാവധിയിൽ അധികരിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തിയശേഷം ) സ്ക്രീനിംഗ് കമ്മിറ്റി സ്കോറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി തങ്ങൾ എടുത്തെഴുതേണ്ട ഫോർമാറ്റിൽ തെറ്റ് കൂടാതെയും വെട്ടിത്തിരുത്തൽ കൂടാതെയും എടുത്തെഴുതേണ്ടതാണ്. അദ്ധ്യാപകർ അവകാശപ്പെടുന്ന സ്കോറിൽ മാറ്റം വരുത്തുവാൻ കമ്മിറ്റിക്ക് അധികാരം ഉണ്ട്.

11.സ്ക്രീനിങ് കമ്മിറ്റി മിനിട്സിൽ പ്രിൻസിപ്പാൾ, വകുപ്പ് മേധാവി, സർവ്വകലാശാല വൈസ് ചാൻസിലർ നിയോഗിക്കുന്ന രണ്ട് വിഷയ വിദഗ്ദ്ധർ എന്നിവർ മാത്രം പേരെഴുതി ഒപ്പവയ്ക്കേണ്ടതാണ്. വകുപ്പ് മേധാവിയുടെ സ്ഥാനക്കയറ്റം പരിഗണിക്കുന്ന സ്ക്രീനിംഗ് കമ്മിറ്റിയിൽ അതേ ഫാക്കൽറ്റിയിലുള്ള മറ്റൊരു വകുപ്പ് മേധാവിക്ക് പങ്കെടുക്കാവുന്നതാണ് . വകുപ്പ് മേധാവി / ടീച്ചർ -ഇൻ ചാർജ് , സ്ക്രീനിംഗ് നടത്തപെടുന്ന തസ്തികയ്ക്ക് തുല്യമോ ഉയർന്നതോ ആയ തസ്തികയിൽ ഉള്ളവരായിരിക്കണം.

Draft #2 of File 5497/AC B5-2/2020/AC B 5 Approved by Registrar on 08-Oct-2020 11:27 AM - Page 2

12. അസ്സോസിയേറ്റ് പ്രൊഫസർ സ്ഥാനക്കയറ്റത്തിനായി രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ യു.ജി.സി. റഗുലേഷൻസ് പ്രകാരം പ്രാതിനിധ്യം ഉള്ളവരായിരിക്കണം .സെലക്ഷൻ കമ്മിറ്റിയിലേക്കുള്ള അംഗങ്ങളെ നാമ നിർദ്ദേശം ചെയ്യുന്നതിനായി കോളേജിൽ നിന്നും അപേക്ഷകൾ സമർപ്പിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ കൃത്യമായി ചേർക്കുക.

a) Subject of the teacher

b) Gender

c) Whether belongs to SC/ST / OBC / minority / Differently abled category

d) ന്യൂനപക്ഷ പദവിയുള്ള കോളേജുകൾ എട്ട് അംഗങ്ങൾ വീതം അടങ്ങുന്ന വിഷയ വിദഗ്ധരുടെ രണ്ട് പാനലുകൾ പ്രത്യേകമായി (a, b, c യിൽ പരാമർശിക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് സർവ്വകലാശാലയിൽ സമർ പ്പിക്കണം .ഇവയിൽ ഒരു പാനലിൽ സർവ്വകലാശാലക്ക് പുറത്ത് നിന്നുള്ള വിഷയ വിദഗ്ധരെയാണ് ഉൾക്കൊള്ളിക്കേണ്ടത് .

13.അദ്ധ്യാപകൻ അവകാശപ്പെടുന്ന കാര്യങ്ങൾ ( ഓറിയന്റേഷൻ കോഴ്സ് , എക്സ്റ്റൻഷൻ ആക്ടിവിറ്റീസ് , പേപ്പർ പബ്ലിക്കേഷൻസ് , സ്പോൺസേർഡ് പ്രൊജക്റ്റ് മുതലായവ ) അസ്സെസ്സ്മെന്റ് പീരിയഡിനുള്ളിൽ തന്നെ നടന്നിട്ടുള്ളതാണെന്ന് ഉറപ്പ് വരുത്തണം . ഏതെങ്കിലും കാരണവശാൽ റിഫ്രഷർ ഓറിയന്റ്ഷന് കോഴ്സ് 31.12.2018ന് ശേഷം കൂടിയിട്ടുണ്ടെങ്കിൽ സ്ഥാനക്കയറ്റ തീയതി കോഴ്സ് കൂടിയ അവസാന ദിവസത്തിന്റെ പിറ്റേന്ന് വരെ ദീർഘിക്കുന്നതാണ് .എന്നാൽ ഇപ്രകാരം ചെയ്യുമ്പോൾ പി.ബി.എ.എസ് പ്രൊഫോര് മ പ്ലേസ്മെന്റിന് ആവശ്യമായ കാലഘട്ടത്തിലെ (mandatory service requirement) മാത്രം സമർപ്പിച്ചാൽ മതിയാകും.(റിഫ്രഷർ / ഓറിയന്റ്ഷന് കോഴ്സുകളിൽ പങ്കെടുക്കുന്നതിനുള്ള കാലപരിധി 31.12.2018 വരെ യു.ജി.സി. ഇളവ് ചെയ്ത് നൽകിയിട്ടുണ്ട് .

14. സർവ്വകലാശാല അക്കാദമിക് സ്റ്റാഫ് കോളേജുകൾ നടത്തുന്ന കോഴ്സുകൾക്ക് പുറമെ കേന്ദ്ര / സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോട് കൂടി ഗവേഷണം നടത്തുന്ന സ്ഥാപനങ്ങൾ , സർവ്വകലാശാലകൾ , നാഷണൽ സയൻസ് അക്കാഡമി മുതലായവ നടത്തുന്ന കോഴ്സുകളും ആവശ്യത്തിന് കാലദൈർഘ്യമുണ്ടെങ്കിൽ സ്ഥാനക്കയറ്റത്തിന് പരിഗണിക്കാവുന്നതാണ്

15. സ്ക്രീനിംഗ് / സെലക്ഷൻ കമ്മിറ്റി കൂടുന്ന തീയതിയിൽ അദ്ധ്യാപകൻ ആക്റ്റീവ് സർവീസിലും കോളേജ് റോളിലും ഉണ്ടെന്ന് ഉറപ്പു വരുത്തണം .

16. ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർ , യു.ജി.സി ലൈബ്രേറിയൻ എന്നിവർ സ്ഥാനക്കയറ്റത്തിന് യു.ജി.സി. റെഗുലേഷൻ പ്രകാരം സർവ്വകലാശാല നിർദ്ദേശിച്ചിട്ടുള്ള പ്രൊഫോർമയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ് .

17. സ്ക്രീനിംഗ് കമ്മിറ്റിക്ക് ഒരു സമയം ഒരു അദ്ധ്യാപകന്റെ ഒരു സ്ഥാനക്കയറ്റ പ്രൊപ്പോസൽ മാത്രമേ വിലയിരുത്താൻ അവകാശമുള്ളൂ. കമ്മിറ്റി ശുപാർശ ചെയ്ത സ്ഥാനക്കയറ്റം കോളേജ് മാനേജർ ഉത്തരവ് നൽകി സർവ്വകലാശാല അംഗീകാരം നൽകി സർക്കാർ ശമ്പളം നൽകിയ ശേഷം മാത്രമേ അടുത്ത സ്റ്റേജ് / ലെവൽ ലേക്കുള്ള സ്ഥാനക്കയറ്റത്തിനായുള്ള പ്രൊപ്പോസൽ പരിഗണിക്കുവാൻ സാധിക്കുകയുള്ളു .

18.സ്ഥാനക്കയറ്റ ശുപാർശ താഴെ പറയുന്ന ക്രമത്തിൽ സർവ്വകലാശാലയിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.

a ) പ്രിൻസിപ്പാളിന്റെ ആമുഖ കത്ത് .

b ) മാനേജർ ഒപ്പ് വച്ച സ്ഥാനക്കയറ്റ ഉത്തരവ് (ഫോം 6 )

c) പ്രൊഫോർമ ഫോർ പ്രൊമോഷൻ (പ്രിൻസിപ്പാൾ സാക്ഷ്യപെടുത്തിയത് )

d ) ഓപ്ഷൻ ഫോം (പ്രിൻസിപ്പാൾ സാക്ഷ്യപെടുത്തിയത് )

e ) പേ ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് (പ്രിൻസിപ്പാൾ സാക്ഷ്യപെടുത്തിയത് )

Draft #2 of File 5497/AC B5-2/2020/AC B 5 Approved by Registrar on 08-Oct-2020 11:27 AM - Page 3

f ) അണ്ടർടേക്കിങ്

g ) പി.ബി.എ.എസ് പ്രൊഫോർമ / സ്വയം വിലയിരുത്തൽ റിപ്പോർട്ട്

h ) സ്കോർ ഷീറ്റ്   (കോളേജ് സീൽ പതിച്ചത് )

i ) സ്ക്രീനിംഗ് / സെലക്ഷൻ കമ്മിറ്റി മിനിറ്റ്സ്  (കോളേജ് സീൽ പതിച്ചത് )

j ) പി.എച്ച് .ഡി / എം.ഫിൽ /എം.ടെക് ....അസ്സൽ സർട്ടിഫിക്കറ്റും പകർപ്പും

k ) റിഫ്രെഷർ / ഓറിയന്റേഷന് കോഴ്സ് അസ്സൽ സർട്ടിഫിക്കറ്റും പകർപ്പും

l )  Class X സർട്ടിഫിക്കറ്റിന്റെ പകർപ്പ് (SSLC അല്ലെങ്കിൽ മലയാളത്തിൽ പേര് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും രേഖയുടെ പകർപ്പ് കൂടി സമർപ്പിക്കണം (Aadhaar card/Election ID card etc )

m ) പി.ജി / നെറ്റ് സർട്ടിഫിക്കറ്റുകളുടെ പകർപ്പ്

n ) സർവ്വകലാശാലയിൽ നിന്നും ലഭിച്ച നിയമന അംഗീകാര ഉത്തരവിന്റെ പകർപ്പ്

o ) സ്ക്രീനിംഗ് / സെലക്ഷൻ കമ്മിറ്റിയിലേക്ക് സർവ്വകലാശാല നാമ നിർദ്ദേശം ചെയ്ത വിഷയ വിദഗ്ധരുടെ പട്ടികയുടെ പകർപ്പ് .

p ) സേവന പുസ്തകം

q ) ന്യൂനപക്ഷ പദവിയുള്ള കോളേജുകൾ കേന്ദ്ര ന്യൂനപക്ഷ കമ്മീഷന്റെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ്

*(ഫോം 6 , പ്രൊ ഫോർമ , ഓപ്ഷൻ ഫോം, ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് , അണ്ടർ ടേക്കിങ് എന്നിവയുടെ മാതൃക സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.)*

19 ) മേൽ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന രേഖകളിൽ പി.ബി.എ.എസ് പ്രൊഫോർമ/സ്വയം വിലയിരുത്തൽ റിപ്പോർട്ടുകൾ, അസ്സൽ സർട്ടിഫിക്കറ്റുകൾ, സേവന പുസ്തകം എന്നിവ ഒഴികെയുള്ള രേഖകളുടെ സ്കാൻ ചെയ്ത പകർപ്പ് PDF ഫോർമാറ്റിൽ മേൽ പരാമർശിച്ച ക്രമത്തിൽ **acb5@mgu.ac.in** എന്ന ഇ-മെയിൽ വിലാസത്തിലേക്ക് കോളേജിന്റെ/ പ്രിൻസിപ്പാളിന്റെ ഔദ്യോഗിക ഇ-മെയിൽ വിലാസത്തിൽ നിന്നും അയക്കേണ്ടതാണ്. റിഫ്രെഷർ കോഴ്സിന്റേയും ഓറിയന്റേഷന് കോഴ്സിന്റേയും അസ്സൽ സർട്ടിഫിക്കറ്റുകളും, സേവന പുസ്തകവും,പി.ബി.എ.എസ് പ്രൊഫോർമ/സ്വയം വിലയിരുത്തൽ റിപ്പോർട്ടുകളും തീർച്ചയായും ശുപാർശക്കൊപ്പം സർവ്വകലാശാലയിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ് .മറ്റ് അനുബന്ധ രേഖകൾ കോളേജിൽ സൂക്ഷിക്കേണ്ടതും ആവശ്യപ്പെട്ടാൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

20 ) സ്ഥാനക്കയറ്റ ശുപാർശകൾ പരിശോധിച്ച ശേഷം, ആയതിൽ കണ്ടെത്തുന്ന ന്യൂനതകൾ കോളേജിന്റെ/ പ്രിൻസിപ്പലിന്റെ ഔദ്യോഗിക ഇ-മെയിൽ മുഖാന്തരം കോളേജ് പ്രിൻസിപ്പാളിനെ അറിയിക്കുന്നതായിരിക്കും.

21 ) ആവശ്യമായ രേഖകളുടെ പകർപ്പുകൾ സമർപ്പിക്കുമ്പോൾ ,ഒരു പകർപ്പ് വീതം മാത്രം ഉൾപ്പെടുത്തുവാനും ആവശ്യമില്ലാത്ത രേഖകളുടെ പകർപ്പുകൾ ശുപാർശയോടൊപ്പം ഉൾപ്പെടുത്താതെയിരിക്കുവാനും ശ്രദ്ധിക്കുക .

22 ) 2018 യു ജി സി റെഗുലേഷൻസ് പ്രകാരം സ്ഥാനക്കയറ്റ ഉത്തരവ് , അനുബന്ധ രേഖകൾ എന്നിവ സമർപ്പിക്കുന്നവരുടെ തസ്തികാനാമത്തോടൊപ്പം അക്കാദമിക് ലവൽ കൂടി ചേർക്കേണ്ടതാണ്.

23) സ്ഥാനക്കയറ്റത്തീയതിക്ക് മൂന്ന് മാസം മുമ്പ് അദ്ധ്യാപകർക്ക് കോളേജുകളിൽ അപേക്ഷ നൽകാവുന്നതും സ്ക്രീനിംഗ് / സെലക്ഷൻ കമ്മിറ്റി അംഗങ്ങളെ നാമനിർദേശം ചെയ്യുന്നതിനായി പ്രിൻസിപ്പാൾ അക്കാര്യം സർവകലാശാലയെ അറിയിക്കേണ്ടതുമാണ്. അപ്രകാരം ലഭിക്കുന്ന സ്ക്രീനിംഗ് / സെലക്ഷൻ കമ്മിറ്റി കൂടേണ്ടത് സ്ഥാനക്കയറ്റത്തീയതിക്ക് ശേഷം ആയിരിക്കണം.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

സ്വീകർത്താവ്

Draft #2 of File 5497/AC B5-2/2020/AC B 5 Approved by Registrar on 08-Oct-2020 11:27 AM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

1 . എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും ( ഇ-മെയിൽ മുഖേന)
2 . സ്ക്രീനിംഗ് / സെലക്ഷൻ കമ്മിറ്റി അംഗങ്ങൾക്ക്
3 . വി സി യുടെ /പി വി സി യുടെ പ്രൈവറ്റ് സെക്രട്ടറി
4 . രജിസ്ട്രാറുടെ പി എ
5 .കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
6 .ഐ ക്യൂ എ സി
7 . പി ആർ ഒ
8 .സ്റ്റോക് ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 5497/AC B5-2/2020/AC B 5 Approved by Registrar on 08-Oct-2020 11:27 AM - Page 5